# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1264** — **21.03.2013-ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളുടെ പുന: ക്രമീകരണം

### ചോദ്യം

ശ്രീ.കെ.എൻ.എ. ഖാദർ

(എ) ഓരോ നിയോജക മണ്ഡലത്തിലും പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഇനങ്ങളിൽപ്പെട്ട ജോലികൾ നിർവഹിക്കുന്നതിന് പൂർണ്ണമായ അധികാരമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) മണ്ഡല തലത്തിലുള്ള പൊതുമരാമത്ത് വകുപ്പ് ഓഫീസുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(സി) നിലവിൽ ഒരു മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി മണ്ഡലത്തിലും മറ്റു മണ്ഡലങ്ങളിലും സ്ഥിതിചെയ്യുന്ന ഓഫീസുകളെ ആശ്രയിക്കേണ്ടിവരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന നിർദ്ദേശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

### മറുപടി

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ), (ബി), (സി) & (ഡി) പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷനുകൾ നിയോജകമണ്ഡല അടിസ്ഥാനത്തിൽ പുനഃക്രമികരിക്കുന്നതിനുവേണ്ടിയുള്ള പഠനം നടത്തുവാൻ NATPAC-നെ ചുമതലപ്പെടുത്തിയിരുന്നു. NATPAC-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയതായി സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ളു നർദ്ദേശങ്ങൾ ലഭിച്ചു. എന്നാൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാൽ നിലവിലുള്ള സെക്ഷനുകൾ നിലനിർത്തിക്കൊണ്ട് ഓരോ നിയോജകമണ്ഡലത്തിലും ഒരു സെക്ഷനെങ്കിലും വരുന്ന രീതിയിലുള്ള പുനഃക്രമീകരണത്തിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്ന മുറയ്ക്ക് ഇപ്പോഴുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനാകുമെന്നാണ് കരുതുന്നത്.

സെക്ഷൻ ഓഫീസർ